## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 483

06/03/2012 ൽ മറുപടിയ്ക്ക്

### കേരള സംസ്ഥാന ശിശുക്ഷേമ സമിതി ഭരണ സമിതി

ചോദ്യം

ഡോ. ടി.എം.തോമസ് ഐസക്
ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീമതി. പി.അയിഷാ പോറ്റി
ശ്രീമതി. കെ. കെ.ലതിക

ഉത്തരം

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും
വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) | സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ഭരണ സമിതി പിരിച്ചു വിടികയുണ്ടായോ? | എ) ഇല്ല എന്നാൽ കേരള സംസ്ഥാന ശിശുക്ഷേമ സമിതി നിയമാവലി ഖണ്ഡിക 20 (ബി) യിലെ വ്യവസ്ഥയനുസരിച്ച് മുൻഭരണ സമിതിയിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളായ ശ്രീ. പി.കൃഷ്ണൻ, ശ്രീ. റ്റി. നാരായണൻ, ശ്രീമതി. വി. പ്രഭാവതി, ശ്രീ. പി.വികെ. കടമ്പേരി, ശ്രീ. പി.ആർ. വർഗ്ഗീസ് മാസ്റ്റർ, ശ്രീ.സി.സത്യപാലൻ, ശ്രീമതി.പി.എസ്.ഭാരതി എന്നിവരെ സമിതി അംഗത്വത്തിൽനിന്നും അയോഗ്യരാക്കു-കയുണ്ടായി. |
| ബി) | ഇതേ തുടർന്നുണ്ടായ ഹൈക്കോടതി വിധി എന്തായിരുന്നു; വിശദമാക്കാമോ; | ബി) കേരള സംസ്ഥാന ശിശുക്ഷേമ സമിതി സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ 28.01.2012 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/2012 സാക്ഷേവ പ്രകാരം സമിതി അംഗത്വത്തിൽ നിന്നും അയോഗ്യരാക്കിയതിനെ തുടർന്ന് ബഹു. ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെയും അതിനുശേഷം ഡിവിഷൻ ബെഞ്ചിന്റെയും ഉത്തരവുകൾ ഉണ്ടായിട്ടുണ്ട്. 02.02.2012 ലെ ബഹു.ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവു പ്രകാരം മുൻഭരണ സമിതി സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളായ ഏഴുപേരെ |

| | | |
|---|---|---|
| | | അയോഗ്യരാക്കി 28.01.2012 ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ തുടർ നടപടികൾ നിർത്തി വയ്ക്കാൻ ഉത്തരവായി.<br>2.02.2012 ലെ സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ പുതിയ അംഗങ്ങൾ ബഹു.ഹൈക്കോടതിയിൽ അപ്പീൽ നൽകിയെങ്കിലും അപ്പീൽ ഡിവിഷൻ ബെഞ്ച് തള്ളുകയാണ് ഉണ്ടായത്. |
| സി | സ്വയംഭരണാധികാര സംവിധാനത്തിലുള്ള സമിതിയിൽ ഗവൺമെന്റ് ഇടപ്പെട്ടതിന്റെ ഫലമായി ശിശുപരിചരണ ദത്തെടുക്കൽ കേന്ദ്രത്തിന്റെ പ്രവർത്തനം പ്രതിസന്ധിയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി. പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം പ്രതിസന്ധിയിലായതായി സർക്കാരിന് വിവരം ലഭിച്ചിട്ടില്ല. |
| ഡി | നിലവിലുണ്ടായിരുന്ന സമിതിയ്ക്ക് നിയമാനുസൃതം പ്രവർത്തിക്കാനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ടോ? | ബഹു. കേരള ഹൈക്കോടതി ഉത്തരവ് പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

R. Vijayak

സെക്ഷൻ ഓഫീസർ